# ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

ഐ.എസ്.ഒ 9001:2015 അംഗീകൃത സ്ഥാപനം

Reg. No- TQS/Q-1162

# വയോജന വികസനരേഖ

## കരട്

## 2025 – 2026

- സന്ദേശം
- ആമുഖം
- സ്ഥിതി
- സൂചകങ്ങൾ
- ലക്ഷ്യങ്ങൾ
- നയം
- കരടുപദ്ധതി നിർദ്ദേശങ്ങൾ
- ഉപസംഹാരം

# സന്ദേശം

സമൂഹത്തിന്റെ വയോജനങ്ങളുടെ എണ്ണം വർഷം തോറും കൂടി വരുന്ന സാഹചര്യം കണക്കിലെടുത്തും കുടുംബ ബന്ധങ്ങളിലും സാമൂഹ്യ സാഹചര്യങ്ങളിലും വന്ന മാറ്റങ്ങളും വയോജന പരിപാലനത്തിന് കൂടുതൽ ഊന്നൽ നൽകാൻ നാം ബാധ്യസ്ഥരാണ്. സാമൂഹ്യ വളർച്ചയിൽ വന്ന ഒരു പാട് നേട്ടങ്ങളോടൊപ്പം ചില ന്യൂനതകളും കോട്ടങ്ങളും സ്വാഭാവികമാണ്. നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് സാമൂഹ്യ ഇടപെടലുകളിലൂടെ കോട്ടങ്ങളെ മറികടക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുവാൻ സംസ്ഥാനത്ത് ആവിഷ്ക്കരിച്ച വയോജനമിഷനും വയോജന നയവും നമുക്ക് വഴി കാട്ടിയാണ്.

കേരള സംസ്ഥാനം കൈവരിച്ച ഉയർന്ന വിദ്യാഭ്യാസ നിലവാരവും ആരോഗ്യ രംഗത്തെ നേട്ടങ്ങളും അണു കുടുംബ വ്യവസ്ഥയും വയോജനങ്ങൾ പാർശ്വവത്ക്കരിക്കപ്പെടുന്നതിന് പ്രത്യക്ഷമായും പരോക്ഷമായും കാരണമായിട്ടുണ്ടാവാം. ഒരു കാലത്ത് സമൂഹത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചവരാണ് ഇന്നത്തെ വയോജന സമൂഹം. സമ്പന്ന ദരിദ്ര വ്യത്യാസമില്ലാതെ രോഗങ്ങളാലും മറ്റ് പല കാരണങ്ങളാലും ഒരു പാട് പീഢനങ്ങൾ അനുഭവിക്കുന്നവരാണ് വയോജനങ്ങൾ. ശിഷ്ടകാലം സന്തോഷപ്രദമാക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കാനുള്ളത്.

സർക്കാരുകളുടെ വയോജന നയത്തിനകത്ത് നിന്നുകൊണ്ട് സംസ്ഥാന സർക്കാർ മുന്നോട്ടുവെച്ച വയോജന ക്ഷേമം എന്ന ലക്ഷ്യം കൈവരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതാണ്. തുടർ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വയോജന മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഗൌരവമേറിയ ചർച്ചകളും ക്രോഡീകരണങ്ങളും വികസന സെമിനാറിൽ നടത്തേണ്ടതുണ്ട്. അതിനാവശ്യമായ ചില നിർദ്ദേശങ്ങളാണ് ഇവിടെ കരട് വികസനരേഖയായി അവതരിപ്പിക്കുന്നത്.

സ്നേഹപൂർവ്വം,

**ഷീബ മലയിൽ**
പ്രസിഡണ്ട്
ചെങ്ങോട്ടുകാവ്ഗ്രാമപഞ്ചായത്ത്

# ആമുഖം

വാർദ്ധക്യം എന്നത് മനുഷ്യരുടെ ജീവിതചക്രത്തിലെ ഒരു സ്വാഭാവികഘട്ടമാണ്. പ്രായം കൂടുന്നതിനനുസരിച്ച് ശാരീരികവും മാനസികവുമായ മാറ്റങ്ങൾ സംഭവിക്കുന്നു. പ്രായം കൂടുന്നതിനനുസരിച്ച് വിവിധ രോഗങ്ങൾക്കും പരിക്കുകൾക്കും സാദ്ധ്യത ഏറെയാണ്. എന്നാൽ ആരോഗ്യകരമായ ജീവിതശാലിയിലൂടെ നല്ല ജീവിതനിലവാരം നിലനിർത്താനാവും.

കേരളത്തിൽ മുതിർന്ന പൗരൻമാരുടെ ജനസംഖ്യ 1961 ൽ 5.83% വും 1991 ൽ 8.2% 2011-ൽ 12.83%ൽ 2023ൽ അത് 16.5%വും ആയി വർദ്ധിച്ചു. ഇങ്ങനെ ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. പൊതുജനാരോഗ്യ രംഗത്തെ പ്രവർത്തനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുമൊക്കെ ഇതിന് കാരണമായിട്ടുണ്ട്.

മുതിർന്നവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ജീവിതസാഹചര്യങ്ങളും പ്രത്യേകിച്ച് പരിഗണിക്കാതെ ഒരു സാമൂഹ്യമുന്നേറ്റവും സാദ്ധ്യമല്ല. പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങളിലും മുതിർന്നവരുടെ പ്രശ്നങ്ങൾ ആവശ്യങ്ങൾ അവകാശങ്ങൾ എന്നിവ പരിഗണിക്കുന്ന വികസന സമീപനമാണ് വേണ്ടത്. 1999 ലെ ദേശീയ വയോജന നയവും 2006 ൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വയോജന നയവും 60 വയസ്സ് കഴിഞ്ഞവരുടെ താൽപര്യ സംരക്ഷണം ഊന്നിക്കൊണ്ടാണ്. ഓരോ പ്രായ വിഭാഗത്തിനും വ്യത്യസ്ഥമായ ആവശ്യങ്ങളും പ്രശ്നങ്ങളുമുണ്ടെന്ന് നയം വ്യക്തമാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം തരം തിരിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വയോജന വിഭാഗം | പ്രായം | |
|---|---|---|---|
| 1 | യുവവൃദ്ധർ | 60-69 | ഭേദപ്പെട്ട ആരോഗ്യം ക്രിയാത്മകമായി ഇടപെടാനും നേതൃത്വം നൽകാനും കഴിയും |
| 2 | വൃദ്ധർ | 70-79 | വാർദ്ധക്യരോഗവും ബലക്ഷയവും |
| 3 | വയോവൃദ്ധർ | 80-89 | വാർദ്ധക്യരോഗവും ബലക്ഷയവും മറവിയും |
| 4 | മഹാവൃദ്ധർ | 90+ | സങ്കീർണ്ണമായ ശേഷിശോഷണവും ഓർമ്മക്കുറവും |

അതോടൊപ്പംതന്നെ പരിഗണിക്കപ്പെടേണ്ട മറ്റുഘടകങ്ങളാണ് 80 വയസ്സ് കഴിയുന്നവർ, വിധവകൾ ,അവിവാഹിതർ അനാഥർ രോഗികൾ തുടങ്ങിയവ. ഇവർ പ്രത്യേകം ശ്രദ്ധയും ക്രിയാത്മകമായ സേവനങ്ങളും നൽകപ്പെടണമെന്ന് ഈ നയം വ്യക്തമാക്കുന്നു.

മുതിർന്നവർ മുമ്പ് അനുഷ്ഠിച്ച സേവനങ്ങളോട് നാം കടപ്പെട്ടിരിക്കുന്നു. സ്വന്തം വീട്ടിൽ സമാധാനപരമായ വാർദ്ധക്യം എന്ന കാഴ്ചപ്പാട് പ്രോത്സാഹിപ്പിക്കണം. ചിലവുകുറഞ്ഞതും അനുയോജ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തണം . പുതു തലമുറയിലേക്ക് വയോജനസംബന്ധമമായ വിഷയങ്ങൾ പാഠ്യപദ്ധതിയിലൂടെ എത്തിക്കണം. വാർദ്ധക്യ കാലത്തെ ഒറ്റപ്പെടൽ വലിയ ഒരു സാമൂഹ്യ പ്രശ്നമായി അനുഭവപ്പെടുന്നു. അതിൽ കൂട്ടായ്മകൾക്കും വലിയ പരിഹാരം കണ്ടെത്താനാവും .

### കേരളത്തിൽ വയോജനങ്ങളിൽ വൈധവ്യം ബാധിച്ചവർ

| പ്രായം | പുരുഷൻ | സ്ത്രീ | ആകെ വൈധവ്യം അനുഭവിക്കുന്നവർ |
|---|---|---|---|
| 60+ | 9.9 | 57.8 | 31.85 % |
| 70+ | 16.6 | 16.6 | 44.55 % |
| 80+ | 28.2 | 82.7 | 55.45 % |

കേരളീയ സമൂഹത്തിൽ വ്യാപകമായ അണുകുടുംബ വ്യവസ്ഥയും സാമ്പത്തിക സുരക്ഷിതത്വമില്ലായ്മയും വിദ്യാസമ്പന്നരായ യുവജനങ്ങളുടെ അന്യദേശങ്ങളിലേക്കുള്ള പ്രയാണവും ആയുർദൈർഘ്യവും വർദ്ധിച്ചതോടെ ബാല്യത്തെക്കാൾ നീണ്ട വാർദ്ധക്യ കാലവും എല്ലാ മുതിർന്ന പൌരൻമാരുടെ ആശ്രിതത്ത്വത്തിന് കാരണമായി. വാർദ്ധക്യ സഹജമായ മാനസിക ശാരീരിക പ്രശ്നങ്ങൾ ഇത് കൂടുതൽ സങ്കീർണ്ണമാക്കി. ചെങ്ങോട്ടുകാവ് പഞ്ചായത്ത് ഇതിനായി വിപുലമായ സർവ്വേ നടത്തി. പ്രസ്തുത സർവ്വേയുടെ ഫലമായി മുകളിൽ പറഞ്ഞ പ്രശ്നങ്ങൾ കണ്ടെത്തിയത്.

വയോജന സൗഹൃദ സമൂഹം എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും ഓരോ പ്രദേശത്തിനനുയോജ്യമായ തരത്തിൽ അയൽ സഭകൾക്ക് രൂപം നൽകി. വാർഡ് സഭകളും പഞ്ചായത്ത് ശിൽപശാലകളിൽ നിന്നും പഞ്ചായത്ത് പദ്ധതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നു. അതിൽ ചിലത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനായി. വയോജനസൌഹൃദ സമൂഹം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അന്തസ്സാർന്ന വാർദ്ധക്യം പ്രധാനം ചെയ്യുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുക എന്നതാണ്. അതിനായി താഴെപറയുന്ന വികസന സമീപനങ്ങളാണ് സ്വീകരിക്കേണ്ടത്.

### 1. ജീവിതദൈർഘ്യ സമീപനം

വിവിധ ഘട്ട വയോജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനയും വേറിട്ടതായതിനാൽ അതിനനുസരിച്ചുള്ള സേവനപദ്ധതികൾക്ക് രൂപം നൽകണം

### 2.അവകാശാധിഷ്ഠിതസമീപനം

വയോജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ അവർക്ക് അവകാശപ്പെട്ടതാണെന്നും ഔദാര്യമല്ലെന്നും ബോദ്ധ്യപ്പെട്ട അവരുടെ പങ്കാളിത്തവും അഭിപ്രായവും ഉറപ്പാക്കിയുള്ള ആസൂത്രണഇടപെടലുകൾ അനിവാര്യമാണ്. കൃത്യവും വ്യക്തവുമായ വിവര ശേഖരണത്തിൻറെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഒരു വയോജന നയത്തിന് രൂപം

നൽകിയിട്ടുണ്ട്. പ്രസ്തുത നയം ദേശീയ-സംസ്ഥാന വയോജന നയത്തിനനുസൃതമായിട്ടാണ് ഓരോ വർഷവും ലഭ്യമായ ഡാറ്റകൾ പുതുക്കേണ്ടതും അതിനനുസരിച്ച് പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും.

## വയോജനസ്ഥിതിവിവരം

പൊതുവെ വയോജനങ്ങളുടെ അംഗസംഖ്യ ഉയർന്നുവരികയാണ്. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ലഭ്യമായകണക്കുകൾ പ്രകാരം 2000 ൽ ആകെ ജനസംഖ്യ 20485 ആണ്. ഇതിൽ 60-80 പ്രായപരിധിയിലുള്ളവർ 1911 പേരാണ്. (965 പുരുഷൻമാരും 946 സ്ത്രീകളും) 80 ന് മുകളിൽ പ്രായപരിധിയിലുള്ളവർ 103 പേരാണ്(58 പുരുഷൻമാരും 45 സ്ത്രീകളും). 2019 ൽ അങ്കണവാടി മുഖേന ശേഖരിച്ച കണക്കുപ്രകാരം ആകെ ജനസംഖ്യ 28568 ആണ്. ഇതിൽ ( 6080 ) പ്രായ പരിധിയിലുള്ളവർ 3738 ആണ്. (1835 പുരുഷൻമാരും 1903) സ്ത്രീകളും ) ഇതേ കണക്കു പ്രകാരം 80 ന് മുകളിൽ പ്രായമുള്ളവർ 200 പേരാണ്. (89 പുരുഷൻമാരും 111 സ്ത്രീകളും) വൃദ്ധ ജനസംഖ്യ 2000ത്തിലെ 10 ശതമാനത്തിൽ നിന്ന് 2019 ൽ 14 ശതമാനമായി ഉയർന്നു.(പഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട്)

### ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

### വയോജന സർവ്വേ 2025

### ജനകീയ കണക്കെടുപ്പ്

| | |
|---|---|
| പുരുഷൻമാർ | 2685 |
| സ്ത്രീകൾ | 3010 |
| ആകെ | 5695 |
| 59 നും 70 നും ഇടയിൽ | 2819 |
| 71 നും 80നും ഇടയിൽ | 1444 |
| 81 നും 90 നും ഇടയിൽ | 396 |
| 91 ന് മുകളിൽ | 62 |
| ജനറൽ + ഒ.ബി.സി | 4586 |
| എസ്.സി | 265 |
| എസ്.ടി | 1 |

| | | | | | |
|---|---|---|---|---|---|
| വിവാഹിതൻ | 2009 | വിഭാര്യൻ | 83 | മോചനം നേടിയവർ | 4 |
| വിവാഹിത | 1811 | വിധവ | 1196 | മോചനം നേടിയവൾ | 2 |
| നിരക്ഷരർ | 111 | ബിരുദം | 183 | നവസാക്ഷരർ | 59 |
| ബിരുദാനന്തരബിരുദം | 32 | | | 10 ന് താഴെ വിദ്യാഭ്യാസം | 3206 |

| | | | |
|---|---|---|---|
| സാങ്കേതിക വിദ്യാഭ്യാസം | 36 | 10ന് മുകളിൽ | 1285 |
| മറ്റുള്ളവ | 42 | ഒറ്റക്ക് താമസിക്കുന്നവർ | 214 |
| കുടുംബത്തിനോടൊപ്പം | 3770 | ഭർത്താവും ഭാര്യയും മാത്രം | 570 |
| സർവ്വീസ് പെൻഷൻ | 413 | ക്ഷേമ പെൻഷൻ | 2810 |
| വികലാംഗ പെൻഷൻ | 43 | വിധവാ പെൻഷൻ | 623 |
| തൊഴിലുറപ്പ് തൊഴിലാളികൾ | 578 | മൃഗസംരക്ഷണം | 83 |
| അലോപ്പതി | 18 | ആയുർവേദം | 21 |
| ഹോമിയോ | 22 | എഞ്ചിനീയർ | 7 |
| കൃഷി | 411 | ബിസിനസ്സ് | 70 |
| നിയമം | 7 | മറ്റുള്ളവ | 469 |
| കേൾവിക്കുറവ് | 62 | ബുദ്ധിമാന്ദ്യം | 19 |
| പക്ഷാഘാതം | 56 | പ്രമേഹം | 1245 |
| ബി.പി | 1859 | ക്യാൻസർ | 85 |
| കിടപ്പുരോഗികൾ | 163 | കാഴ്ചക്കുറവ് | 84 |
| മനോരോഗം | 16 | മറ്റുവൈകല്യങ്ങൾ | 37 |
| ആസ്മ | 103 | ഹൃദ്രോഹം | 292 |
| കലാരംഗം | 66 | സാഹിത്യം | 44 |
| മറ്റുമേഖല | 31 | | |

വാർഡ് വികസന ക്ലബ്ബുകൾവഴി വയോജന അയൽസഭകളിൽ നിന്ന് ശേഖരിച്ച കണക്കുപ്രകാരം പഞ്ചായത്തിൽ 5695 വയോജനങ്ങളാണ് ഉള്ളത്. കണക്കുകൾ അനുപാതമായി ഉയർന്നിരിക്കുന്നു.

## സൂചകങ്ങൾ

താഴെ പറയുന്ന ശുപാർകൾ ഒരു പ്രാദേശിക മുൻഗണനയായി നടപ്പിലാക്കുമ്പോൾ വയോജനസൌഹൃദം സ്വാഭാവികമായും ഉയർന്നുവരും നമ്മുടെ സമൂഹങ്ങൾ പ്രായമായവരെ ഉൾക്കൊള്ളുന്നതും ബഹുമാനിക്കുന്നതും പിന്തുണക്കുന്നതും ആണെന്ന് ഉറപ്പാക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി ഈ 12 സൂചകങ്ങൾ പ്രവർത്തിക്കുന്നു.

### 1. വയോജന സൗഹൃദ ആരോഗ്യ സംരക്ഷണം

കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മൊബൈൽ ക്ലിനിക്കുകൾ, ഹോം അധിഷ്ഠിത പരിചരണം എന്നിവയിലൂടെ ആക്സസ് ചെയ്യാനാവുന്നതും താങ്ങാനാവുന്നതും വയോജന സെൻസിറ്റി ആയതുമായ സേവനങ്ങൾ ഉറപ്പാക്കുക.

**2. സമഗ്ര സാമൂഹിക സുരക്ഷ**

പ്രായമായവർക്ക് സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നതിന് പെൻഷൻ പദ്ധതികൾ വാർദ്ധക്യ അലവൻസുകൾ, അടിയന്തിര സാമ്പത്തിക സഹായ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുക .

**3. നിയമസഹായം**

സ്വത്തവകാശം വയോജനദുരുപയോഗം അനന്തരവകാശ തർക്കങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ മുതിർന്ന പൗരൻമാരെസഹായിക്കുന്നതിന് അവർക്ക് അനുയോജ്യമായ നിയസഹായവും അവബോധപരിപാടികളും നൽകുക

**4. വയോജന സൗഹൃദ പങ്കാളിത്തം**

പ്രാദേശിക തീരുമാന പ്രക്രിയകളിലും കമ്യൂണിറ്റി പരിപാടികളിലും വികസന പരിപാടികളിലും പങ്കെടുക്കാൻ പ്രായമായവരെ പ്രോത്സാഹിപ്പിക്കുക അതുവഴി അവരുടെ ലക്ഷ്യബോധവും ഉൾപ്പെടുത്തലും വർദ്ധിപ്പിക്കുക.

**5. വയോജന സൗഹൃദ ആസൂത്രണ നടപടികൾ**

ഗതാഗതം പാർപ്പിടം ദുരന്തതയ്യാറെടുപ്പ് തന്ത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രാദേശിക ആസൂത്രണത്തിൽ പ്രായമായവരുടെ ആവശ്യങ്ങൾ സംയോജിപ്പിക്കുക .

**6. വയോജന സൗഹൃദ പൊതു ഇടങ്ങൾ**

സജീവമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിന് പ്രായമായവർക്ക് പ്രാപ്യവും സുരക്ഷിതവുമായ പാർക്കുകൾ, പാതകൾ ബെഞ്ചുകൾ വിശ്രമകേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുക.

**7. പൊതുജന പങ്കാളിത്തം**

തലമുറകൾ തമ്മിലുള്ള സമൂഹ ഇടപെടലും സഹകരണവും വളർത്തിയെടുക്കുക. പ്രാദേശിക സംരഭങ്ങളെ രൂപപ്പെടുത്തുന്നതിൽ എല്ലാ പ്രായക്കാർക്കും ഒരുശബ്ദം എന്ന് ഉറപ്പാക്കുക.

**8. കുടുംബശാക്തീകരണം.**

പരിശീലനം, കൗൺസിലിംഗ് പ്രോത്സാഹനങ്ങൾ എന്നിവയിലൂടെ പരിചരണം നൽകുന്നവരെ പിന്തുണക്കുക. വൃദ്ധ പരിചരണത്തിൽ കുടുംബങ്ങൾ വഹിക്കുന്ന നിർണ്ണായക പങ്ക് തിരിച്ചറിയുക.

**9. നൈപുണ്യവികസന വിദ്യാഭ്യാസം**

പ്രായമായവർക്ക് പഠന അവസരങ്ങളും ഡിജിറ്റൽ സാക്ഷരതാ പരിപാടികളും വാഗ്ദാനം ചെയ്യുക. അതുവഴി അവർ സജീവവും നവ മാധ്യമങ്ങൾ ഉപയോഗിക്കുന്ന തിൽ വിവരമുള്ളതും സാമൂഹികമായി ബന്ധപ്പെട്ടവരുമായിരാക്കാൻ അവരെ സഹായിക്കുന്നു.

**10. വരുമാനം ഉണ്ടാക്കുന്ന സംവിധാനങ്ങൾ**

സാമ്പത്തികമായി ഇടപെടാൻ സന്നദ്ധരും പ്രപ്തരുമായ മുതിർന്ന പൌരന്മാർക്ക് ഉപജീവന പരിപാടികൾ പാർട്ടൈം ജോലി അവസരങ്ങൾ, മൈക്രോ എൻറർപ്രൈസ് പിന്തുണ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

## 11. പാലിയേറ്റീവ് കെയർ

സാമൂഹിക അടിസ്ഥാനത്തിലുള്ള പരിപാടികളിലൂടെ രോഗികൾക്കും കുടുംബങ്ങൾക്കും കാരുണ്യ പൂർണ്ണമായി ജീവിത അവസാന പരിചരണ സേവനങ്ങളും കൌൺസിലിങ്ങും ലഭ്യമാക്കുക.

## 12. സാമൂഹിക മനോഭാവ മാറ്റം

ജീവിതത്തിൻറെ എല്ലാമേഖലകളിലും പ്രയമായവരോട് ആദരവ്, അന്തസ്സ് , സഹാനുഭൂതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണം ക്യാമ്പയിനുകൾ നടത്തുക. ഈ സൂചകങ്ങൾ പഞ്ചായത്ത്തല ആസൂത്രണത്തിലും നിർവ്വഹണത്തിലും സംയോജിപ്പിക്കുന്നതിലൂടെ എല്ലാ തലമുറകൾക്കും പ്രത്യേകിച്ച് നമ്മുടെ മുതിർന്നവർക്കും അന്തസ്സ്, സ്വാതന്ത്ര്യം, ജീവിത നിലവാരം എന്നിവ ഉയർത്തിപ്പിടിക്കുന്ന സമൂഹങ്ങൾ നമുക്ക് കെട്ടിപ്പടുക്കാൻ കഴിയും

## ലക്ഷ്യങ്ങൾ

പഞ്ചായത്തിനെ വയോജന സൗഹൃദമാക്കുന്നതിന് ചില ലക്ഷ്യങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഞങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വയോജനസൌഹൃദ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് മുൻഗണനാക്രമത്തിൽ തയ്യാറാക്കണം. ലക്ഷ്യങ്ങൾ തീരുമാനിച്ചാൽ ഇത് നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട തന്ത്രങ്ങൾ ഏതൊക്കെയാകാമെന്ന് ഈ മേഖലയുമായി ബന്ധപ്പെട്ട ജനപ്രധിനിധികൾ, ഉദ്യോഗസ്ഥർ, വളണ്ടിയർ എന്നിവരുമായി കൂടിയാലോചിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം. ഇതിനുള്ള സമയക്രമവും വിഭവസ്രോതസ്സുകളും തീരുമാനിക്കണം.

## 1. ആരോഗ്യ പരിചരണം

1. വയോജനങ്ങളുടെ സമഗ്ര ആരോഗ്യരേഖ തയ്യാറാക്കണം
2. ആരോഗ്യസ്ഥാപനങ്ങളിൽ വയോജനങ്ങൾക്ക് പ്രത്യേക ഇരിപ്പിടങ്ങൾ / വിശ്രമസൗകര്യങ്ങൾ
3. ആയുർവേദ ഡിസ്പൻസറികൾമുഖേന പരമ്പരാഗതചികിത്സാ സഹായങ്ങൾ ജീവനി, പുനർനവ സ്നേഹധാരസേവനങ്ങൾ
4. ഹോമിയോ ഡിസ്പൻസറികളിലും ജറിയാട്രിക് സെൻറർ
5. ജീവിതശൈലി രോഗനിർണ്ണയ സംവിധാനം

## 2. സമ്പൂർണ്ണ ആരോഗ്യ സുരക്ഷ

1. വാർദ്ധക്യകാല പെൻഷൻ ,വിധവാ പെൻഷൻ , അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ ,വികലാംഗപെൻഷൻ, കർഷക പെൻഷൻ വ്യാപാര പെൻഷൻ തുടങ്ങിയവ അർഹരായ മുഴുവൻപേർക്കും ഉറപ്പുവരുത്തുക.
2. ഭക്ഷണവും പോഷകാഹാരവും (സാമൂഹിക പങ്കാളിത്തത്തോടെ ) ഉറപ്പുവരുത്തുക
3. സുരക്ഷിത ആവാസം

## 3. നിയമസഹായം

1. വയോജന പരാതി പരിഹാര സംവിധാനം (വയോജന ജാഗ്രതാ സമിതി ) രൂപീകരിക്കൽ
2. മാതാപിതാക്കളുടെയും മുതിർന്നപൌരൻമാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള 2007 ലെ നിയമത്തിന്റെ ഫലവത്തായ നിർവ്വഹണം (ജാഗ്രതാസമിതി, അദാലത്ത്)
3. പൗരവകാശ സംരക്ഷണ നിയമം 1995
4. അട്രോസിറ്റിആക്ട് 2015

## 4.വയോജന പങ്കാളിത്തം

1. മുതിർന്ന പൌരൻമാരുടെ സമഗ്ര വിവരശേഖരണം
2. വർക്കിംഗ് ഗ്രൂപ്പിൽ അംഗത്വം
3. വയോജന അയൽസഭ
4. പ്രത്യേക ഗ്രാമസഭ

## 5. നൈപുണ്യ വികസനം

1. വയോജന നൈപുണ്യ വികസന സെൻറർ
2. സേവന വിഭവകേന്ദ്രം
3. സ്വയം സഹായ സംഘങ്ങൾ

## 6. വയോജന സഹായ പൊതു ഇടങ്ങൾ

1. പകൽ വിശ്രമവിനോദ കേന്ദ്രങ്ങൾ (പകൽവീട്)
2. തടസ്സ വിമുക്ത വയോസൌഹൃദ നിർമ്മിതികൾ
3. പൊതു പാർക്കുകൾ -വയോ സൌഹൃദ സംവിധാനം

## 7. വയോജന വികസനത്തിൽ പൊതുപങ്കാളിത്തം

1. മെഡിക്കൽ ക്യാമ്പുകൾ
2. റസിഡൻസ് അസോസിയേഷൻ പരിപാടികൾ
3. വയോജന കലാകാരൻമാരുടെ അവതരണങ്ങൾക്കുള്ള സംവിധാനങ്ങൾ
4. വയോജന ക്ഷേമനിധി രൂപീകരണം ( സി.എസ്.ആർ)

## 8. കുടുംബ ശാക്തീകരണം

1. വിദ്യാർത്ഥി-യുവജന ചർച്ചകൾ -വയോജന പ്രശ്നങ്ങൾ - പ്രതിവിധികൾ
2. വയോജനങ്ങൾക്കും യുവജനങ്ങൾക്കും കൊൺസിലിംഗ് ഇടപെടലുകള്
3. അനിവാര്യമായ കുടുംബങ്ങൾക്ക് കൌൺസിലിംഗ്, പാലിയേറ്റീവ് പരിചരണം
4 മുതിർന്ന പൗരൻമാരുടെ സംരക്ഷണ നിയമ ബോധവൽക്കരണം

## 9. വരുമാനദായക സംവിധാനങ്ങൾ

1.തൊഴിൽ പരിശീലനം

2.വിപണനമേളകൾ

3. വരുമാനദായക പ്രവർത്തനങ്ങൾ

## 10. സാന്ത്വന പരിചരണം

1. കിടപ്പുരോഗികളുടെ അവസ്ഥയും ആവശ്യങ്ങളും തിരിച്ചറിയുക
2. മൊബൈൽക്ലിനിക്ക് സംവിധാനം ഏർപ്പെടുത്തുക
3. സാമ്പത്തിക പിന്നോക്കവസ്ഥയിലുള്ളവർക്ക് സൌജന്യ മരുന്നുകൾ , സഹായ ഉപകരണങ്ങൾ വാട്ടർബെഡ് തുടങ്ങിയവ

4 ജനമൈത്രി പോലീസിംഗ് ഒറ്റപ്പെട്ടവർക്ക്

## 11. സാമൂഹ്യ മനോഭാവ മാറ്റ വിനിമയങ്ങൾ

1. ആരോഗ്യമുള്ളവാർദ്ധക്യം , സന്തുഷ്ടമായ വാർദ്ധക്യം
2. സ്വതന്ത്രവും അന്തസ്സും അനിഷേധ്യമായ അവകാശം
3. വയോജനങ്ങൾ ആദരിക്കപ്പെടേണ്ടവർ
4. ഇന്നത്തെ തലമുറയുടെ സൃഷ്ടിയിൽ ഏറെ ത്യാഗം സഹിച്ചവരാണ് വയോജനങ്ങൾ

ജീവിത ചക്രത്തിലെ ഏതൊരു ഘട്ടത്തിലെയും പോലെ വാർദ്ധക്യഘട്ടത്തിലും ചില ശാരീരിക മാനസിക വ്യതിയാനങ്ങൾ കാണാം. വ്യക്തിക്കുണ്ടാകാവുന്ന മാറ്റങ്ങൾപോലെ കുടുംബങ്ങൾക്കും സമൂഹത്തിനും മുതിർന്ന പൌരൻമാരോടുള്ള മനോഭാവത്തിൽ കാര്യമായ മാറ്റം വരുന്നുണ്ട്. പലരും വയോജനങ്ങളെ പരാശ്രിതത്വ വിഭാഗമായി കണക്കാക്കുന്നു. ഇതിലാണ് മാറ്റം വരേണ്ടത്.

## വയോജനനയം

കേരളം ഇന്ത്യയിലാദ്യമായി വയോജന കമ്മീഷൻ രൂപീകരിച്ച് മുതിർന്ന പൌരൻമാരുടെ സുരക്ഷ ഉറപ്പാക്കുന്ന നടപടികൾ കാര്യക്ഷമമായി നടപ്പാക്കുകയാണ്. 60 വയസ്സിന് മുകളിലുള്ള മുഴുവൻ പൌരൻമാരുടെയും ക്ഷേമം സംരക്ഷണം പുനരധിവാസം എന്നിവ ഉറപ്പാക്കുകയാണ് ലക്ഷ്യം. മുതിർന്ന പൌരൻമാർ സമൂഹത്തിന് ഭാരമല്ല. സമ്പത്താണ് എന്ന സന്ദേശമാണ് വയോജനനയം മുന്നോട്ടുവെക്കുന്നത്.

ഈ നയത്തിന്റെ ചുവടുപിടിച്ചാണ് ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് വയോജനനയം രൂപം നൽകുന്നത്. വർദ്ധിച്ച ആയുർദൈർഘ്യവും മെച്ചപ്പെട്ട ആരോഗ്യ ,സാമൂഹ്യ സാഹചര്യങ്ങളും മുതിർന്ന പൌരൻമാരുടെ അനുപാതത്തിലും എണ്ണത്തിലും വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. ഇത് മുതിർന്ന പൌരൻമാർ നേരിടുന്ന പ്രശ്നങ്ങളെയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങളെ പരിഗണിക്കാതെ സാമൂഹ്യമുന്നേറ്റം സാധ്യമല്ല . ചെങ്ങോട്ടുകാവിലെ വയോജനങ്ങളിൽ ഭൂരിഭാഗവും പൊതുവെ മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയുള്ളവരാണ്. സാമൂഹ്യസാഹചര്യങ്ങളിലെ മാറ്റം ഇതിൽ നല്ലൊരു വിഭാഗത്തെയും ഒറ്റപ്പെട്ടോ, വൃദ്ധർ മാത്രമായോ താമസിക്കാനിടയാക്കിയിരിക്കുന്നു. ഇവർ

നേരിടുന്ന ശാരീരിക ,മാനസിക ആരോഗ്യപ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും, വിവേചനങ്ങളും പരിഹരിക്കുന്നതിനും ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യം എന്ന ലക്ഷ്യം നേടുന്നതിനുമാണ് വയോജന സൌഹൃദ പഞ്ചായത്ത് പ്രഖ്യാപനത്തിലൂടെ നാം പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

1. വയോജന അയൽക്കൂട്ടങ്ങൾ ,വാർഡ് വയോക്ലബ്ബുകൾ പഞ്ചായത്ത് വയോക്ലബ്ബ് എന്നിവയുടെ പ്രവർത്തങ്ങൾ കാര്യക്ഷമമാക്കുക .
2. മുതിർന്ന പൊരൻമാർക്ക് സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ഉതകിയ അന്തരീക്ഷം സൃഷ്ടിക്കുക.
3. പഞ്ചായത്തിലെ സ്ഥാപനങ്ങളെ വയോജനസൌഹൃദപരമാക്കി മാറ്റുക, മുതിര്ന്ന പൗരൻമാർക്ക് പരിഗണന ഉറപ്പാക്കുക
4. വയോജനങ്ങളെ സഹായിക്കാൻ ഹെൽപ്പ്ഡസ്ക്ക് സംവിധാനം ഏർപ്പെടുത്തുക
5. പകൽവീടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക ഇവിടേക്ക് മുതിർന്ന പൌരൻമാർക്ക് ഗതാഗത സൌകര്യം ഉണ്ടാക്കുക .
6. വയോജനങ്ങളുടെ വൈദഗ്ധ്യത്തെ വികസനപക്രിയയെ ശക്തിപ്പെടുത്താൻ ഉപയോഗിക്കുക
7. വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തുക പ്രത്യേകമെഡിക്യാമ്പുകൾ സംഘടിപ്പിക്കുക.
8. നിശ്ചിത ഇടവേളകളിൽ പ്രഷർ ,ഷുഗർ തുടങ്ങിയ പരിശോധനകൾക്ക് സൌകര്യം ഏർപ്പെടുത്തുക
9. ഭക്ഷണം ലഭ്യമല്ലാത്തവർക്ക് ഭക്ഷണം ലഭ്യമാക്കുക
10. ആരോഗ്യപരമായ ഡയറ്റ് പ്ലാൻ ഉണ്ടാക്കാൻ പരിശീലനം
11. ഒറ്റപ്പെട്ട വയോജനങ്ങളുടെ സമീപത്തെ വളണ്ടിയർമാർവഴി നിരന്തരം ബന്ധം സ്ഥാപിക്കുക
12. വാതിൽപ്പടിസേവനം ഏർപ്പെടുത്തുക
13. വയോജന പാർക്കുകൾക്ക് രൂപം നൽകുക
14. വ്യായാമ പരിപാടികൾ യോഗ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക
15. വയോജന വിനോദ യാത്രകൾ സംഘടിപ്പിക്കുക
16. കലാട്രൂപ്പുകൾക്ക് രൂപം നൽകാൻ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക
17. ബസ്സുകളിൽ വയോജനങ്ങൾക്ക് പരിഗണന ഉറപ്പാക്കുക
18. വരുമാനമില്ലാത്ത എല്ലാ വയോജനങ്ങൾക്കും പെൻഷൻ ലഭ്യമാക്കുക
19. പൊതുഇടങ്ങൾ വയോജനസൌഹൃദമാക്കുക
20. മുതിർന്ന പൌരന്മാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുക
21. ആവശ്യമായ പ്രശ്നങ്ങളിൽ നിയമസഹായം ലഭ്യമാക്കുക

22. സർക്കാർ ആനുകൂല്യങ്ങൾ പരിരക്ഷ യഥാസമയം കിട്ടുന്നുണ്ടെന്ന് ഉറപ്പിക്കുക

23. മുതിർന്ന പൌരൻമാരുടെ വരുമാനം ഉയർത്താൻ കൂട്ടായ തൊഴിൽ സംരഭങ്ങളെ സഹായിക്കുക

24. വീടുകൾ വയോജന സൌഹൃദമാക്കുക.

25. വയോജന ജാഗ്രതാസമിതി പ്രവർത്തനം ശക്തമാക്കുക

26. പഞ്ചായത്ത് വയോ ക്ലബ്ബ് ഉപദേശക സമിതി രൂപീകരിക്കുക.

## ആരോഗ്യ പദ്ധതി

1. എല്ലാ വയോജനങ്ങൾക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്തുന്നു.
2. മുതിർന്നവർ മാത്രമായി ഒറ്റപ്പെട്ട് ജീവിക്കുന്നവർക്ക് പ്രത്യേക പരിപാടികൾ നടപ്പാക്കുക- രണ്ടാഴ്ചയിലൊരിക്കൽ ഈ വീടുകളിൽ ആരോഗ്യ പ്രവർത്തകർ/ വളണ്ടിയർ സന്ദർശനം
3. 3 മാസത്തിലൊരിക്കൽ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കൽ (ഹെൽത്ത്, ആയുർവ്വേദം, ഹോമിയോ ക്യാമ്പുകൾ)
4. ലഘു വ്യായാമ പദ്ധതികൾ, യോഗ പരിശീലനം, സൂംബ ഡാൻസ് തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
5. വിവിധ ആരോഗ്യ അവസ്ഥയിലുള്ളവരെ കൈകാര്യം ചെയ്യാൻ വളണ്ടിയർ പരിശീലനം
6. അർഹരായ എല്ലാവർക്കും പാലിയേറ്റീവ് കെയർ
7. മരുന്നുകൾ എത്തിക്കാൻ വാതിൽപ്പടി സേവനം
8. നേത്രപരിശോധനയ്ക്ക് സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്ക് സൌജന്യ നിരക്കിൽ കണ്ണടയും ചികിത്സയും പദ്ധതി
9. കിടപ്പുരോഗികളുടെ സംഗമം
10. മാനസികാരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് ആവശ്യമായ സഹായം ഏർപ്പെടുത്തുകയും മാസത്തിൽ ഒരു തവണ നടക്കുന്ന മാനസികാരോഗ്യ ക്ലിനിക്കൽ പരിശോധനയും തുടർ മാനേജ്മെൻറും ഉറപ്പാക്കുക
11. ഡയാലിസിസ് രോഗികൾക്ക് പ്രത്യേക സഹായ പദ്ധതികൾ നടപ്പാക്കുക
12. ആരോഗ്യകേന്ദ്രത്തിൽ ഓർമ്മ ക്ലിനിക്ക് ഏർപ്പെടുത്തുക
13. ക്യാൻസർ/വൃക്കരോഗം കണ്ടെത്തൽ ക്യാമ്പുകൾ സംഘടിപ്പിക്കുക
14. സബ് സെൻററുകളിൽ മുൻകൂട്ടി നിശ്ചയിച്ച ഇടവേളകളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കൽ
15. അയൽക്കൂട്ടങ്ങളിൽ ജോഗിങ് ക്ലബ്ബുകൾ
16. സായംപ്രഭ ഹോമിൽ എല്ലാ മാസവും മെഡിക്കൽ പരിശോധന നടത്തുക
17. സായംപ്രഭയിൽ ഫിസിയോ തെറാപ്പിസ്റ്റ് സേവനം ഏർപ്പെടുത്തുക
18. പ്രഥമ ശുശ്രൂഷ പരിശീലനം എല്ലാവർക്കും.
19. പ്രധാന ആശുപത്രികളിൽ ജറിയാറ്റിക്ക് വാർഡുകൾ

## തൊഴിൽ പദ്ധതി

1. അയൽക്കൂട്ട തലത്തിലും വാർഡ് ക്ലബ്ബ് അടിസ്ഥാനത്തിലും തൊഴിൽ/ഉല്പാദക സംരംഭങ്ങൾക്ക് സഹായം
2. തൊഴിൽ നൈപുണി വികസന സൌകര്യങ്ങൾ - പരിശീലനം
3. കൃഷി, മൃഗസംരക്ഷണ മേഖലകളിൽ മുതിർന്നവരുടെ ഇടപെടലും കൃഷി കൂട്ടായ്മകളും രൂപീകരിക്കൽ
4. ജൈവവള യൂണിറ്റുകൾ ആരംഭിക്കുക
5. നാടൻ ഉല്പന്നങ്ങളുടെ സംസ്ക്കരം-വിതരണം യൂണിറ്റ് രൂപീകരിക്കൽ (പഴങ്ങൾ, കൂവച്ചെടി, മഞ്ഞൾ മുതലായവ)
6. സാമൂഹ്യ അടുക്കള പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കൽ

## ക്ഷേമ പദ്ധതികൾ

1. അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുക
2. വയോമിത്രം പരിപാടി പഞ്ചായത്തുകളിലും നടപ്പാക്കുക
3. പെൻഷൻ മസ്റ്ററിംഗ് കിടപ്പുരോഗികൾക്ക് വീടുകളിൽ എത്തി നടത്തുക
4. വയോജന നിധി ഏർപ്പെടുത്തുക
5. ഭക്ഷണം, വസ്ത്രം, താമസസൌകര്യം തുടങ്ങിയവ ഇല്ലാത്ത കുടുംബങ്ങൾക്ക് കർമ്മ പരിപാടി
6. വയോജനങ്ങളേയും കിടപ്പുരോഗികളേയും പരിചരിക്കാൻ സന്നദ്ധതയുള്ളവർക്ക് പ്രത്യേക പരിശീലനം നൽകി വളണ്ടിയർ സംവിധാനം
7. വൃദ്ധർ മാത്രമായി താമസിക്കുന്ന വീടുകളിൽ പ്രത്യേക ശ്രദ്ധ ഏർപ്പെടുത്തുക മാസത്തിൽ രണ്ടു തവണ ഇത്തരം വീടുകളിൽ സന്ദർശനം
8. കുടുംബത്തോടൊപ്പം താമസിക്കുന്ന വയോജനങ്ങളുടെ കുടുംബാംഗങ്ങൾക്ക് പരിചരണ കാര്യത്തിൽ പരിശീലനം
9. മുതിർന്ന പൗരന്മാരെ ആദരിക്കൽ
10. വയോജനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തർക്ക പരിഹാര സംവിധാനം ഏർപ്പെടുത്തുക
11. മുതിർന്ന പൗരന്മാർക്കുള്ള നിയമ പരിരക്ഷ- ബോധവത്ക്കരണം
12. എൽഡർ ലൈൻ തുടങ്ങിയ സംസ്ഥാനതല പദ്ധതികളെ കുറിച്ച് ബോധ വത്ക്കരണം.

## പരിജ്ഞാന പദ്ധതി

ദീർഘകാലത്തെ ജീവിതാനുഭവങ്ങളിൽ നിന്നും അനേകം അറിവുകളുടെ വൃദ്ധി നേടിയവരാണല്ലോ വയോജനങ്ങൾ. വിവിധ മേഖലകളിൽ അവർ ആർജ്ജിച്ച അറിവുകൾ വരും തലമുറകളിലേക്ക് കൈമാറുന്നതിനുള്ള പരിജ്ഞാനപദ്ധതിക്കായുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. വിവിധ രംഗങ്ങളിൽ പരിജ്ഞാനമുള്ളവരെ ലിസ്റ്റ് ചെയ്ത് അവരുടെ കഴിവുകൾ പുതു തലമുറയിലേക്ക് കൈമാറുന്നതിനായി പരിശീന ക്ലാസ്സുകൾ സംഘടിപ്പിക്കുക, അതോടൊപ്പം അവരുടെ അവതരണങ്ങൾക്കായി വേദികളൊരുക്കുക, പരിപാടികൾ ഡോക്യുമെൻറ് ചെയ്യുക
2. കൃഷി, ക്ഷീര വികസനം തുടങ്ങിയ മേഖലകളിൽ നമ്മുടെ പരമ്പരാഗത കൃഷിക്കാർ ആർജ്ജിച്ച അറിവുകൾ മറ്റുള്ളവരിലേക്ക് കൈമാറുന്നതിനായി ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക. മാതൃകാ കൃഷിത്തോട്ടങ്ങൾ വ്യക്തിഗതമായി കൂട്ടായ്മയായും സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കണം. പരമ്പരാഗത വിത്ത് ശേഖരണം, സംരക്ഷണം, ജൈവകീടനാശിനികളുടെ നിർമ്മാണം, വളപ്രയോഗം, കാർഷിക ഉല്പന്നങ്ങളുടെ വിപണനം, ആധുനിക കാർഷികായുധങ്ങളുടെ ഉപയോഗം, വരൾച്ചാ പ്രതിരോധത്തിനായികൃഷിയിടങ്ങളെ ഒരുക്കൽ തുടങ്ങിയ അറിവുകൾ മറ്റുള്ളവരിലേക്ക് പകരുക.
3. പാരമ്പര്യകലകൾ, നാടോടികലാരൂപങ്ങൾ, ക്ലാസിക്കൽ കലാരൂപങ്ങൾ, ചിത്രകല, ശില്പകല തുടങ്ങിയ വിവിധ രംഗങ്ങളിൽ വിദഗ്ദ്ധരായ വയോജനങ്ങളെ ലിസ്റ്റ് ചെയ്ത് അവരുടെ അറിവുകൾ ക്രോഡീകരിച്ച് വാർഷിക പ്രസിദ്ധീകരണങ്ങൾക്ക് മുൻകൈ എടുക്കുക.
4. വയോജന നയം, അവർക്കുള്ള നിയമ പരിരക്ഷ, അവകാശങ്ങൾ തുടങ്ങിയവ പകരുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ.
5. വൃദ്ധജനങ്ങൾക്കായി വായനാ മൂലകൾ, പുസ്തക മൂലകൾ ആരംഭിക്കുക. വായനയിൽ കൂടി ആർജ്ജിക്കുന്ന അറിവുകൾ പങ്ക് വെയ്ക്കുന്നതിനായി ചർച്ചാ ക്ലാസ്സുകൾ, ക്വിസ് പ്രോഗ്രാമം, ഉപന്യാസ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
6. ഡിജിറ്റൽ സാക്ഷരതാ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുക
7. പ്രാദേശിക ചരിത്ര സംരക്ഷണത്തിനുള്ള ഗവേഷണം. സംഭവങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വികസനഘട്ടങ്ങൾ തുടങ്ങിയവ ഈ അന്വേഷണ പദ്ധതിയിൽ വന്നിരിക്കണം.
8. വയോജനങ്ങൾക്കായി സംഘടിപ്പിക്കുന്ന യാത്രകളിൽ അറിവുകൾ മുൻകൂട്ടി പകരുന്നതിനുള്ള ക്ലാസ്സുകൾ.
9. പ്രഥമ ശുശ്രൂഷയെ സംബന്ധിച്ച അറിവുകൾ പകരുന്നതിനുള്ള ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ.

## വിനോദ പദ്ധതികൾ

1. വിനോദ യാത്രകൾ സംഘടിപ്പിക്കുക
2. കലാ ആസ്വാദനം, അവതരണം നടത്തുക
3. കലാകാരൻമാരുടെ രചനകൾ പ്രസിദ്ധീകരിക്കുക
4. നാടകക്യാമ്പ്,സാഹിത്യചർച്ച സാംസ്കാരിക പരിപാടികൾ നടത്തുക
5. അവതരണം, ചർച്ച തുടങ്ങിയവ യുട്യൂബ് ചാനൽവഴി പ്രചരണം നടത്തുക
6. കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക

7. ക്ലബ്ബുകൾ ഗ്രന്ഥശാലകൾ തുടങ്ങിയവയെ ബന്ധിപ്പിച്ച് പരിപാടികൾ സംഘടിപ്പിക്കുക.

8. ദിനാചരണങ്ങൾ സംഘടിപ്പിക്കുക

9. ലോക വൃദ്ധദിനം വിപുലമായ പരിപാടികളോടെ ആചരിക്കുക

10. കിടപ്പിലായവർക്ക് ഗ്രന്ഥശാലയുമായി ബന്ധപ്പെടുത്തി പുസ്തകങ്ങൾ എത്തിക്കൽ -ആവശ്യമായവർക്ക് വളണ്ടിയർമാർ വായിച്ചുകേൾപ്പിക്കൽ

11. വയോജനകലോത്സവം സംഘടിപ്പിക്കൽ

12. മുതിർന്നവരുടെ കലാഗ്രൂപ്പുകൾ/കലാപരിശീലനകേന്ദ്രങ്ങൾ

## ഉപസംഹാരം

മുതിർന്ന പൊരൻമാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും മനസ്സിലാക്കി സമഗ്രമായ പദ്ധതി സമൂഹ വളർച്ചക്കും മുന്നേറ്റത്തിനും അത്യന്താപേക്ഷിതമാണ്. മുൻകൂട്ടിയുള്ള വാർഡ് സഭകളിലെ ചർച്ചകളും പഞ്ചായത്ത് ശിൽപ്പശാലകളിലും ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കരട് പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് സഹായകരമായി. പ്രാദേശിക വയോജന കൂട്ടായ്മയും അവരുമായി സഹകരിച്ച് കുടുംബശ്രീ അയൽ സഭകളും മറ്റ് കൂട്ടായ്മകളും കൂടിചേർന്ന് വയോജന സൗഹൃദ പരിപാടികളും പൊതു ഇടങ്ങളും രൂപീകരിക്കപ്പെടുക . പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയ വയോജന ക്ഷേമപദ്ധതികൾക്ക് പുറമെ മറ്റു സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹായത്താൽ മെച്ചപ്പെട്ട വയോജന സൗഹൃദപദ്ധതികൾക്ക് രൂപം നൽകും

ഈ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻ എല്ലാവരുടെയും സഹകരണവും പൂർണ്ണ പിന്തുണയും പ്രതീക്ഷിക്കുന്നു. ഒറ്റ മനസ്സോടെ ഈ മഹത്തായ ലക്ഷ്യ സാക്ഷാത്കാരത്തിനായ് കൈകോർക്കാം .

## പഞ്ചായത്ത് വയോജന ക്ലബ്ബ് അംഗങ്ങൾ

1. കെ.കെ ശങ്കരൻ മാസ്റ്റർ (പ്രസിഡൻറ്)
2. ഹംസ.എം.കെ (വൈസ് പ്രസിഡൻറ്)
3. കെ.ഗീതാനന്ദൻ (സെക്രട്ടറി)
4. ലീല ശഅരീ സർഗ്ഗം (കോ.സെക്രട്ടറി)
5. ഇ.പി.അശോകൻ (ട്രഷറർ)
6. എം.കെ വേലായുധൻ
7. സോമൻ ദേവായനം
8. വി.കെ ഗംഗാധരൻ മാസ്റ്റർ
9. ബാബു മാസ്റ്റർ പൂക്കാട്
10. നാരായണൻ മാസ്റ്റർ നടുവിലക്കണ്ടി
11. ഗംഗാധരൻ മാസ്റ്റർ

12. ജാനകി ഇയ്യക്കണ്ടി മീത്തൽ
13. സോമശേഖരൻ.പി.വി
14. ഇ.കെ ബാലൻ മാസ്റ്റർ
15. എം.കെ ശ്രീധരൻ
16. രാമൻ പാറയ്ക്കൽതാഴെ
17. വത്സല

## എക്സ് ഒഫീഷ്യ മെമ്പർമാർ

1. ഷീബ മലയിൽ (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് )
2. ബേബി സുന്ദർരാജ് (ക്ഷേമകാര്യ സ്റ്റാൻറിംഗ്കമ്മിറ്റി ചെയർമാൻ)
3. ഷബ്ന ( ക ഇ ഉ ട സൂപ്പർവൈസർ )
4. പ്രനീത (സി.ഡി.എസ് ചെയർ പേഴ്സൺ )